നടത്തിയപ്പോഴും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച 131 സംഘങ്ങളിൽ 130 എണ്ണത്തിലും പല വിധത്തിലുള്ള ക്രമക്കേടുകളും കണ്ടതായിട്ടാണ് ഗവൺമെൻറിന്റെ രേഖയിൽ പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഒരു അഭിഭാഷകനെപ്പോലെ തന്നെ ഈ സൊസൈറ്റികൾക്കുവേണ്ടി വാദിച്ചതിൽ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, ഇതിന്റെ പരിശോധനാവേളയിൽ ഇതിന്റെ വാദമുഖങ്ങളും ഗവൺമെൻറിന്റെ മുന്നിൽ വയ്ക്കാം. അതിൽ വല്ല പിശകുമുണ്ടെങ്കിൽ തിരുത്താനും സൊസൈറ്റികൾ അങ്ങനെ ക്രമക്കേടുകൾ ചെയ്തിട്ടില്ലെങ്കിൽ അവർക്കുവേണ്ട സഹായം കൊടുക്കാനും ഗവൺമെൻറ് തയ്യാറാണ്. പരസ്യമായി രേഖാമൂലം കൃത്രിമം കാണിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഗവൺമെൻറ് അതിനെ സംബന്ധിച്ച് അന്വേഷിക്കരുത് എന്ന് പറയാൻ ബഹുമാനപ്പെട്ട മെമ്പർക്ക് സാധ്യമാണോ? ഗവൺമെൻറിന് ഇതിൽ യാതൊരു ദുരുദ്ദേശവുമില്ല. ആരേയും ബുദ്ധിമുട്ടിക്കണമെന്നുള്ള ഒരു ആഗ്രഹവുമില്ല. കഴിയുന്നത്ര കൊടുത്തിട്ടുണ്ട്. ഇന്നത്തെ കേന്ദ്രിൽതന്നെ ഒരുപക്ഷേ ഈ സ്റ്റേറ്റ് നീക്കിയാൽ ആ നിമിഷം തന്നെ വെരിഫിക്കേഷൻ നടത്തിയിട്ട് കൊടുക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ വെട്ടിപ്പു നടത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തുന്ന സൊസൈറ്റികളും ഉണ്ടെങ്കിൽ അവരോടും ഈ സൊസൈറ്റികളെ സഹായിക്കാൻ ആഗ്രഹിക്കുന്നതിനു തടസ്സം നിൽക്കുന്ന ബന്ധപ്പെട്ടവരോടും ചർച്ചനടത്തി ഇതിനു പരിഹാരം കാണാൻ ഉള്ള സഹകരണം ഉണ്ടാകണമെന്നു മാത്രമാണ്. പ്രത്യേകമായ യാതൊരു ദുരുദ്ദേശവും ഗവൺമെൻറിനില്ല. അതേയവസരം വെട്ടിപ്പും തട്ടിപ്പും നടത്തി ഈ റിബേറ്റ് ഇനത്തിലുള്ള പണം തട്ടിപ്പു നടത്താൻ ശ്രമിക്കുന്നവർ ആരായാലും ഗവൺമെൻറ് നടപടികളും എടുക്കും. ഇത്രമാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. വി.ജെ. തങ്കപ്പൻ : സർ, പട്ടിയെ പേപ്പട്ടിയാണെന്ന് പറഞ്ഞ് അടിച്ചുകൊല്ലാൻ ശ്രമിക്കുന്നതുപോലെ വെട്ടിപ്പാണെന്നു പറഞ്ഞാൽ ജനങ്ങളും പത്രക്കാരുമെല്ലാം അതിന്റെ പിറകെ നീൽക്കുമല്ലോ ? അതാണ് ഇതിന്റെ ഉദ്ദേശം. എനിക്ക് പറയാനുള്ളത് ഞാൻ ചില രേഖകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ രേഖകൾ ഒന്ന് പരിശോധിച്ചിട്ട് ഈ കാര്യം പുനഃപരിശോധിക്കാനും അങ്ങനെ കൈത്തറി സഹകരണ സംഘങ്ങളേയും ഏകദേശം പത്തുപതിനേഴായിരത്തോളം വരുന്ന കുടുംബങ്ങളേയും സംരക്ഷിക്കാനും അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഞാൻ ആദ്യം പറഞ്ഞു ഇതിൽ യാതൊരു ദുരുദ്ദേശവുമില്ലെന്ന്. ഇതൊക്കെ പരിശോധിക്കാവുന്നതാണ്. പക്ഷേ പരിശോധിക്കുന്നതിനുപോലും കോടതിയുടെ വിധി തടസ്സമായി എന്നാണ് പറഞ്ഞത്. ഞാൻ പട്ടിയെ പേപ്പട്ടി എന്നല്ല വിളിച്ചത്. ബഹുമാനപ്പെട്ട മെമ്പറെപ്പോലുള്ള ചില ആളുകൾ ആടിനെ പട്ടിയാക്കുന്ന പ്രചരണങ്ങൾ നടത്തിക്കൊണ്ട് സത്യത്തെ സത്യമല്ലാതാക്കി തീർക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അത് ജനങ്ങൾക്കും പത്രക്കാർക്കും നല്ലതുപോലെ അറിയാം.

2 ഗൾഫ് നാടുകളിൽനിന്നും മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, അതിരൂക്ഷമായ കേരളത്തിലെ തൊഴിലില്ലായ്മ പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരം കണ്ടിരുന്നത് ഗൾഫ് മേഖലയിലെ തൊഴിൽസാദ്ധ്യതകളായിരുന്നു. ഈയടുത്തയവസരത്തിൽ ഒപ്പെക്സ് രാജ്യങ്ങൾ എണ്ണവില കുറച്ചതിന്റെ പേരിൽ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം അവിടെ നിലവിലുള്ള വ്യവസായ ശാലകളിൽ ജോലിചെയ്യുന്ന മലയാളികളും ഇൻഡ്യാക്കാരുമായ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. നൂറുകണക്കിന് മലയാളി സഹോദരങ്ങൾ തിരുവനന്തപുരത്തും കൊച്ചിയിലും വന്നിറങ്ങുകയാണ്. സ്വർണ്ണഭൂമി സ്വപ്നം കണ്ടുകൊണ്ട് വിദേശത്തുപോയി കൈനിറയെ സ്വർണ്ണവുംവാരി തിരിച്ചുവരാമെന്ന് മോഹിച്ചുപോയ അവരെല്ലാം വെറും കൈയോടെയാണ് സർ, ഇന്ന് മടങ്ങിവരുന്നത്. അവിടെ തന്നെ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ ശമ്പളം 30 മുതൽ 40 ശതമാനംവരെ ഇപ്പോൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള ഗൾഫ് തൊഴിലുടമകളുമായി ബന്ധപ്പെട്ട് വളരെ കുറഞ്ഞ ശമ്പളത്തിന് ഇപ്പോൾ വ്യാപകമായ റിക്രൂട്ട്മെൻറ് നടത്തിവരികയാണ്. 500 ദിർഹം ആണ് അതിന് ശമ്പളം കൊടുക്കുന്നത്. ഇൻഡ്യൻ മണി 1,800 രൂപയാണ്. അവിടെ തൊഴിലുടമ അക്കോമഡേഷൻ സൗകര്യംമാത്രമേ കൊടുക്കുകയുള്ളൂ. രാപ്പകലില്ലാതെ അവർക്ക് അദ്ധ്വാനിക്കുകയും വേണം. പതിനയ്യായിരം രൂപ മുതൽ ഇരുപത്തയ്യായിരം രൂപവരെ റിക്രൂട്ടിംഗ് ഏജൻസികൾക്കും അവരുടെ ഏജൻറുമാർക്കും കൈക്കൂലികൊടുത്താണ് സർ, ഇവർ അവിടെ പോകുന്നത്. ഒരു കൊല്ലം തികയുന്നതിനുമുമ്പ് തന്നെ അവർ തിരിച്ചു വരേണ്ട സാഹചര്യമുണ്ടാകുന്നു. വളരെയേറെ ഭയാശങ്കയോടുകൂടിയാണ് ഗൾഫ് മേഖലയിലെ മലയാളികൾ ഇന്നു ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ മടങ്ങിവരുന്ന ആളുകളിൽ പലരും അവരുടെ കിടപ്പാടം വിറ്റും സഹോദരിമാരുടെയും ഭാര്യയുടെയും ആഭരണങ്ങളെല്ലാം വിറ്റുപെറുക്കിയും ഒരു കൊല്ലംപോയി കഷ്ടപ്പെട്ട് തിരിച്ചുവരുമ്പോൾ അവർക്ക് ഉള്ളതും ഇല്ലാതെ വരുന്ന സ്ഥിതിയാണ് എൻെറ നിയോജക മണ്ഡലമടക്കമുള്ള പല സ്ഥലങ്ങളിലും ഇന്നു കാണുന്നത്. അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പ്രശ്നം വ്യാപകമായ ഒരു സാമൂഹ്യ പ്രശ്നമായി മാറാൻ പോകുകയാണ് സർ. ഗൾഫ് മലയാളികളെ സഹായിക്കുന്നതിനുവേണ്ടി അവരുടെ പണമുപയോഗിച്ച് വ്യവസായസംരംഭങ്ങൾ തുടങ്ങുമെന്ന് പലപ്പോഴും ഗവൺമെൻറ് പറഞ്ഞിരുന്നുവെങ്കിലും ഇന്നുവരെ ഒരു വ്യവസായസ്ഥാപനവും ഉയർന്നുവന്നിട്ടില്ല. സർ, നമ്മുടെ പ്രധാനമന്ത്രി തന്നെ കേരളത്തിൻെറ സാമ്പത്തികരംഗത്ത് ധാരാളം ഗൾഫ് വരുമാനമുണ്ടെങ്കിലും വികസനോന്മുഖമായിട്ടുള്ള പദ്ധതികൾക്കായി ആ പണം നീക്കിവച്ചിട്ടില്ലെന്ന് ഒരിക്കൽ പറയുകയുണ്ടായി. ഈ പ്രശ്നം കണക്കിലെടുത്തുകൊണ്ട് ഗൾഫ് മലയാളികളിൽ തിരിച്ചുവരുന്നവരുടെ കൈയിലുള്ള ചെറിയ സമ്പാദ്യവും അവിടെത്തന്നെ ജോലിയുള്ളവരുടെ വരുമാനവുമുപയോഗിച്ചുകൊണ്ട് വരാനിരിക്കുന്ന സ്ഫോടനാത്മകമായ സ്ഥിതിവിശേഷം നേരിടുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ ഒരു നടപടി ഗവൺമെൻറ് ഗൾഫ് മലയാളികൾക്കുവേണ്ടി ആവിഷ്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അഞ്ചു കൊല്ലത്തേക്കെങ്കിലും യു.എ.ഇ.ലേക്കുള്ള സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ വഴിയുള്ള റിക്രൂട്ട്മെൻറ് അവസാനിപ്പിക്കണം. അങ്ങനെ ചെയ്താൽ അവിടെയുള്ള തൊഴിലാളികൾക്ക് ഇന്ന് ജോലിസ്ഥിരത ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് അവിടെയുള്ള മലയാളികൾ അഭിപ്രായപ്പെടുന്നത്. അതുപോലെതന്നെ ഇന്നും രൂക്ഷമായി ഈ രംഗത്ത് തൊഴിൽ സാദ്ധ്യത മങ്ങിവരുമ്പോഴും നമ്മുടെ രാജ്യത്ത് എൻ.ഒ.സി വെട്ടിപ്പുകൾ ധാരാളം നടക്കുകയാണ്. ട്രാവൽ ഏജൻസികളും അവരുടെ ഏജൻറുമാരും ഗൾഫിൽ ജോലിചെയ്യുന്ന ആളുകളുമായി നൂറുകണക്കിന് ഏജൻറുമാർ നാടുനീളെ നടന്ന് ഗൾഫ് മായാവലയത്തിൽപ്പെടുത്തി നമ്മുടെ സഹോദരൻമാരിൽനിന്ന് ലക്ഷക്കണക്കിന് രൂപ തട്ടിച്ചെടുക്കുന്നുണ്ട് സർ. ആ തട്ടിപ്പുകളെ

LIBRARY ARCHIVES Kerala Legislative Assembly

സമ്പന്ധിച്ചിടത്തോളം പോലീസിൽ പരാതിപ്പെട്ടാൽ ഐ. പി. സി.420 വകുപ്പ നുസരിച്ച്. ആണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. ചീറ്റിങ്ങിന് പോലീസ് അറസ്റ്റ് ചെയ്ത് ആത്മാർത്ഥമായി പ്രവർത്തിച്ചാൽപ്പോലും കോടതി യിൽനിന്ന് അവർക്ക് ജാമ്യം കിട്ടും, ഇങ്ങനെ കോടിക്കണക്കിന് രൂപ ഈ മേഖലയിൽ തട്ടിപ്പുകാരുടെ കൈയിലിരിക്കുകയാണ്. ഫൈവ്സ്റ്റാർ ഹോട്ടലുകളിൽ താമസിച്ച് മദ്യവും മദിരാക്ഷിയുമായി അവർ ഈ പണം കൊള്ളയടിക്കുകയാണ്. സർ. കള്ളക്കടത്തുകാരെ നേരിടുന്നതിന് നിയമം കൊണ്ടുവന്നതുപോലെ ഈ തട്ടിപ്പുകാരെ നേരിടാനും അവരുടെ മായാവലയ-ത്തിൽപ്പെട്ട് പാവപ്പെട്ട തൊഴിലന്വേഷികളും കഷ്ടപ്പെടുന്നതിന് അറുതി വരുത്താനും ഒരു നിയമം കൊണ്ടുവരാൻ ഗവൺമെൻറ് തയ്യാറാകുമെന്ന് മുമ്പൊരിക്കൽ പറഞ്ഞിരുന്നു. ആ നിയമം കൊണ്ടുവന്നുതന്നെ ഈ തട്ടിപ്പിനെ നേരിടാനും സഹകാര്യ റിക്രൂട്ടുമെൻറ് ഏജൻസികൾവഴി നടത്തുന്ന റിക്രൂട്ടിങ്ങ് അവസാനിപ്പിച്ച് ഓവർസീസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ വഴി റിക്രൂട്ട് മെൻറ് നടത്തുകയും ഈ സ്പോടനാത്മകമായ സ്ഥിതിവിശേഷത്തി ലേക്ക് കേരളത്തെ നയിക്കാതിരിക്കുന്നതിനും ഗൾഫ് മലയാളികളിൽ തിരിച്ചു വരുന്നവരെ പുനരധിവസിപ്പിക്കുന്ന രീതിയിൽ പേനനിർമ്മാണ പദ്ധതി കളും തൊഴിൽ-ദായക സംരംഭങ്ങളും ഉണ്ടാക്കുകയും ദീർഘവീക്ഷണത്തോടു കൂടി യുദ്ധകാലാടിസ്ഥാനത്തിൽ ഒരു പദ്ധതി ഗവൺമെൻറ് ആവിഷ്കരിക്കുകയും ചെയ്യണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയുളവാക്കുന്ന ഒരു സ്ഥി തിവിശേഷമുണ്ടെന്നുള്ളത് ശരിയാണ്. എപ്പോൾ തങ്ങളുടെ ജോലി നഷ്ട പ്പെടുമെന്നുള്ള ഒരു ആശങ്ക അവർക്കുണ്ട്. എങ്കിലും അത്രയും വിപുലമായ തോതിൽ അടുത്തകാലത്ത് അവരെ തിരിച്ചയയ്ക്കുമെന്നുള്ള ഒരു പ്രതീക്ഷ ഇല്ല. എങ്കിൽപ്പോലും കുറേശ്ശെ കുറേശ്ശെ തിരിച്ചയയ്ക്കുന്നതായ സംഗതി ഉണ്ട്. അവർ തിരിച്ചുവന്നാൽ എന്തുചെയ്യണമെന്നുള്ള കാര്യത്തിൽ ഇന്ന് വ്യക്തമായ ഒരു ചിത്രം നമ്മുടെ മുമ്പാകെയില്ല. നിർഭാഗ്യവശാൽ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളും ഇവിടെ തിരിച്ചുവന്നതിനുശേഷം അവരുടെ അദ്ധ്വാനഫലം മുഴുവനുമെടുത്ത് കെട്ടിടത്തിനും മറ്റു കാര്യങ്ങ ക്കുമായി നിക്ഷേപിക്കുന്നതിന്റെ ഫലമായി ജോലി കഴിഞ്ഞ് തിരിച്ചു വന്നാൽ എന്തെങ്കിലും വരുമാനമുണ്ടാക്കാനുള്ള ഒരു സംവിധാനമില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെൻറ് ഈയടുത്തയവസരത്തിൽ ഇവർക്ക് ഏതെങ്കിലും വിധത്തിൽ തൊഴിലവസരം ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ഇൻവെ സ്റ്റ്മെൻറ് ഫണ്ട് രൂപീകരിക്കാനുള്ള ചില നടപടികളൊക്കെ എടുത്തു വരികയാണ്. അതിനിടയിൽ ഗൾഫിലുള്ള മലയാളികളെ സംബന്ധിച്ച് അവരുടെ പ്രതിനിധികളുമായിട്ട് സംസാരിച്ചതിൽ നിന്നും ഏതെങ്കിലും വിധത്തിൽ അവർക്ക് തൊഴിൽ നൽകാൻ ഒരു പദ്ധതിയുണ്ടാക്കുകയാണെ ങ്കിൽ അവർ ആത്മാർത്ഥമായി അതിൽ സഹകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഒരു ഫണ്ട് രൂപീകരിച്ച് ചെറുതും ഇടത്തരവുമായ പുതിയ . വ്യവസായങ്ങളും തുടങ്ങാനുള്ള ഒരു സംരംഭം ഗവൺമെൻറിന്റെ കാര്യമായ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് മന്ത്രി കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയുമായി സംഭാഷണം നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ അന്തിമമായി തീരുമാനമൊന്നും എടുത്തിട്ടില്ലെങ്കിലും ശരി അവർ തിരിച്ചുവന്നാലുണ്ടാകാവുന്ന ഗൗരവതരമായ സ്ഥിതിയെക്കുറിച്ച ഗവൺമെൻറിന് ബോദ്ധ്യമുണ്ട്. അതുകൊണ്ട് തീർച്ചയായും അതിനെ ന്തെങ്കിലും പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സത്വരമായി സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, ഗഫൂർ ജോലി ചെയ്യുന്ന ഗവൺമെൻറ് സർവ്വീസിലുള്ള ആളുകൾക്ക് 10 കൊല്ലമാണ് ഇപ്പോൾ അവധി കൊടുക്കുന്നത്. അത് 15 കൊല്ലമാക്കി ഉയർത്താൻ ദയവുണ്ടോകുമോ ?

ശ്രീ. കെ. കരുണാകരൻ: അഞ്ചുകൊല്ലവും പത്തുകൊല്ലവും അവധി കൊടുത്ത ആളുകൾതന്നെ അവധി മുഴുവനും അവെയിൽ ചെയ്യാതെ തിരിച്ചു വരുന്നതായിട്ട് കാണുന്നുണ്ട്.

IV സബ്മിഷൻ

(1) വാട്ടർ സപ്ലൈ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് കോൺട്രിബ്യൂഷൻ

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, നഗരപ്രദേശങ്ങളിൽ വാട്ടർ സപ്ലൈയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾ കോൺട്രിബ്യൂഷൻ നൽകണമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പാവപ്പെട്ടവരേയും സാധാരണക്കാരേയും വളരെയധികം ബുദ്ധിമുട്ടിക്കുകയാണ്. റൂറൽ വാട്ടർ സപ്ലൈക്ക് മുൻഗണന കൊടുത്താൽ മതിയെന്ന കേന്ദ്ര നിർദ്ദേശത്തിൻെറ പശ്ചാത്തലത്തിലാണ് പണമില്ലെന്ന കാരണം പറഞ്ഞുകൊണ്ട് ഈ തീരുമാനമെടുക്കുന്നത്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട തൃക്കണ്ണാപുരം, മുടവൻമുകൾ തുടങ്ങിയ പ്രദേശങ്ങളിൽ നാമമാത്രമായി മാത്രമേ വാട്ടർസപ്ലൈ ഉള്ളൂ. പല പ്രദേശങ്ങളിലും ഇനി വാട്ടർ സപ്ലൈ കടന്നു ചെല്ലണം. അവിടെ ടെണ്ടർ ചെയ്ത ചില പണികൾപോലും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സിറിയിലാണെങ്കിൽപ്പോലും ഈ പാവപ്പെട്ട ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിൽ കോൺട്രിബ്യൂഷൻ നൽകണം അല്ലെങ്കിൽ ചെലവുനൽകണമെന്നു പറഞ്ഞാൽ അവർക്കു സാദ്ധ്യമല്ലെന്നുള്ളതുകൊണ്ട് ഈ ദുരവസ്ഥയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, അത് തീർച്ചയായിട്ടും ഒരു നല്ല കാര്യമാണ്. പക്ഷേ അതോറിട്ടിയെ സംബന്ധിച്ചിടത്തോളം ഇതിന് നീക്കിവച്ചിട്ടുള്ള ഇക്കൊല്ലത്തെ തുക ശുദ്ധ ജല വിതരണപദ്ധതികളുടെ വിതരണശൃംഖലകളുടെ അറകുറ്റപ്പണികൾക്കായി നീക്കിവച്ചിട്ടുള്ള തുക, ശമ്പളം, അറകുറ്റപ്പണികൾക്കുള്ള സാധനങ്ങളുടെ പണിക്കൂലി, ഇതിനോടനുബന്ധിച്ചുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കുതന്നെ അപര്യാപ്തമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ആവശ്യമുള്ള മെയിൻ എക്സ്റ്റൻഷൻ ജോലികൾ അത്യാവശ്യമായി പുതുതായി പൈപ്പുലൈനുകൾ നീട്ടിക്കൊടുക്കുന്ന ജോലികൾ ഇവിടെ ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇങ്ങനെ ഒരു ഡിപ്പോസിറ്റ് സ്കീം ഏർപ്പെടുത്തുന്നകാര്യം ബോർഡിൻെറ പരിഗണനയിലുണ്ട്. അത് കർശനമായി മാൻഡേറ്ററിയായി ഇതുവരെയും എൻഫോഴ്സ് ചെയ്തിട്ടില്ല. അതുകൊണ്ട് കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്ലൈൻ വേണമെങ്കിൽ ഡിപ്പോസിറ്റ് കൊടുത്താൽ കൊള്ളാം. അല്ലെങ്കിൽ കഴിവില്ല. കഴിവില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly